

# കോർമല
# കർമ്മലമാതാ ഇടവക

വെള്ളിക്കുളങ്ങര-രണ്ടുകൈ റൂട്ടിൽ വെള്ളിക്കുളങ്ങരയിൽ നിന്ന് 5 കിലോമീറ്റർ അകലെ കോർമലയെന്ന മലയോരഗ്രാമത്തിലാണ് പരിശുദ്ധ കർമ്മലമാത ഇടവക ദേവാലയം. 1980-ൽ തൃശ്ശൂർ സി.എം.ഐ. ദേവമാത പ്രോവിൻസിന്റെ കീഴിൽ ബഹു. ആന്റണി വൈന്തലക്കാരനച്ചന്റെ നേതൃത്വത്തിൽ "കർമ്മലഗിരി ആശ്രമം" എന്ന പേരിൽ ഒരു ആശ്രമം ഇവിടെ പ്രവർത്തനമാരംഭിക്കുകയും താത്കാലികമായ ഒരു ഷെഡിൽ അധികാരികളുടെ അനുവാദത്തോടുകൂടി വി. കുർബാന നടത്തിവരികയും ചെയ്തിരുന്നു. ഈ പ്രദേശം ഉൾക്കൊള്ളുന്ന വെള്ളിക്കുളങ്ങര തിരുക്കുടുംബ ദേവാലയത്തിലേക്ക് ഇവിടെനിന്ന് നാലു കിലോമീറ്ററോളം ദൂരം ഉണ്ടായിരുന്നതിനാൽ ഇവിടെയുള്ള ജനങ്ങൾക്ക് ആദ്ധ്യാത്മിക വളർച്ചയ്ക്ക് കർമ്മലഗിരി ആശ്രമം വളരെയധികം ഉപകാരപ്പെട്ടു. 1986-ൽ ഇവിടെ മനോഹരമായൊരു പുതിയ ദേവാലയം സ്ഥാപിച്ച് 1986 ജനുവരി 3-ാം തിയ്യതി അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചരിച്ചു. CMI സഭയുടെ വൈദികർ സ്ഥിരമായി ഇവിടെ ഉണ്ടാവുകയും ദിവസേന ദിവ്യപൂജ നടത്തുകയും ചെയ്തുപോന്നു.

ആശ്രമദേവാലയത്തോടനുബന്ധിച്ച് ഇടവക ഉണ്ടാക്കാനുള്ള ആഗ്രഹം സഭാധികാരികളെ അറിയിച്ചതിന്റെ ഫലമായി, സി.എം.ഐ. ദേവമാത പ്രോവിൻസിന്റെ പ്രൊവിൻഷ്യാൾ ബഹു. സെബാസ്റ്റ്യൻ ആത്തപ്പിള്ളി അച്ചന്റെയും, രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെയും സമ്മതത്തോടുകൂടി വെള്ളിക്കുളങ്ങര തിരുക്കുടുംബദേവാലയത്തിന്റെ 'കാർമ്മൽ' എന്ന കുടുംബസമ്മേളന യൂണിറ്റിലെ 43 കുടുംബങ്ങളെ ഉൾപ്പെടുത്തി കാർമ്മൽഗിരി ആശ്രമ ദേവാലയത്തെ ഒരു ഇടവകയാക്കാൻ തീരുമാനിച്ചു.

## ഇടവക

2000 സെപ്തംബർ 30-ാം തിയ്യതി DL1/2000, 658/2000 dt 9.9.2000 നമ്പർ കല്പന പ്രകാരം അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ പരിശുദ്ധ കർമ്മലമാതാ ദേവാലയം ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചു. അന്നത്തെ കാർമ്മൽഗിരി ആശ്രമം സുപ്പീരിയറായ ബഹു. ജോൺ കരിപ്പായി സി.എം.ഐ. അച്ചൻ പുതിയ ഇടവകയുടെ പ്രഥമ



കാർമ്മൽഗിരി ആശ്രമവും ദേവാലയവും



പരി. കർമ്മലമാതാവിന്റെ കപ്പേള

വികാരിയായി നിയമിതനായി. ഇടവകയുടെ ആദ്യത്തെ കൈക്കാരന്മാരായി ശ്രീ. ചാക്കുണ്ണി വടാശ്ശേരിയേയും ശ്രീ. തോമസ് കുന്നേലിനെയും തിരഞ്ഞെടുത്തു.

ഇവിടെ 15.8.2001-ൽ ഒരു Cell Model സിമിത്തേരിയും പള്ളി ഓഫീസും പിന്നീട് പാരിഷ് ഹാളും, ഷോപ്പിംഗ് കോംപ്ലക്സും, കർമ്മലമാതാവിനെ പ്രതിഷ്ഠിച്ചിട്ടുള്ള അതിമനോഹരമായ ഒരു കപ്പേളയും നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്. മതബോധനം, കുടുംബയൂണിറ്റുകൾ, സംഘടനകൾ തുടങ്ങിയവ കാര്യക്ഷമമായി നടക്കുന്നു.